# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1394 — 14.6.2013-ൽ മറുപടിക്ക്

## തിരുവനന്തപുരം നഗരസഭയിലെ ഇൻസിനറേറ്ററിന്റെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.എം.ഷാജി | ശ്രീ.മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) തിരുവനന്തപുരം നഗരസഭ വാങ്ങിയ ഇൻസിനറേറ്ററിന്റെ സാങ്കേതിക തകരാറുകളെല്ലാം പരിഹരിച്ച് പ്രവർത്തനക്ഷമമാക്കിയിട്ടും ഏറ്റെടുത്തു പ്രവർത്തിപ്പിക്കാൻ ശുചിത്വമിഷൻ തയ്യാറാവുന്നില്ലെന്ന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) തിരുവനന്തപുരം നഗരത്തിലെ മാലിന്യ സംസ്കരണ പ്ലാന്റായ വിളപ്പിൽ ശാല മാലിന്യ സംസ്കരണ പ്ലാന്റ് പ്രവർത്തന രഹിതമായ സാഹചര്യത്തിൽ അടിയന്തരഘട്ടത്തിൽ പ്രവർത്തിപ്പിച്ച് മാലിന്യ സംസ്കരണം നടത്തുന്നതിലേക്കായി 16.02.2012 ലെ സർക്കാർ ഉത്തരവ് നമ്പർ 30/2012/ത.സ്വ.ഭ.വ പ്രകാരം സർക്കാർ ഏജൻസി ആയ SIDCO മുഖാന്തിരം അഹമ്മദാബാദിലെ ചിന്തൻ സെയിൽസ് എന്ന ഏജൻസിയിൽ നിന്നും ഒരു മൊബൈൽ ഇൻസിറേറ്റർ ശുചിത്വമിഷന്റെ ഫണ്ട് ഉപയോഗിച്ച് വാങ്ങുകയുണ്ടായി. ഈ മൊബൈൽ ഇൻസിറേറ്റർ പ്രവർത്തിപ്പിക്കുന്ന തിനാവശ്യമായ ഇന്ധന ചെലവിന്റെ 50% തുക വഹിക്കാൻ തയ്യാറായിട്ടുളള നഗരസഭകൾക്ക് മൊബൈൽ ഇൻസിനറേറ്റർ കൊണ്ടുപോയി പ്രവർത്തിപ്പിക്കാൻ അനുവദിച്ചുകൊണ്ട് സർക്കാർ അനുമതി നല്കിയിട്ടുണ്ട്. ഇതിൽ തിരുവനന്തപുരം നഗരസഭ മുകളിൽപ്പറഞ്ഞ നിബന്ധന പാലിക്കുവാൻ തയ്യാറാണെങ്കിൽ അവർക്ക് മുൻഗണന നല്കാനാണ് സർക്കാർ നിർദ്ദേശിച്ചിട്ടുളളത്. മൊബൈൽ ഇൻസിനറേറ്റർ പ്രവർത്തനക്ഷമമാക്കുന്നതിലേക്ക് ഏജൻസിയുമായി കരാറിൽ ഏർപ്പെടുന്നതിലേക്ക് സർക്കാർ 14.05.2013 ലെ 175/2013/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം ഉത്തരവ് നൽകിയിട്ടുണ്ട്. ഏജൻസിയുമായി ഒപ്പുവയ്ക്കേണ്ട കരാർ ഉടമ്പടി സർക്കാർ പരിശോധിച്ചു വരുന്നു. ഇതിൽ തീരുമാനമാകുന്ന മുറയ്ക്ക് ഏജൻസിയുമായി കരാറിലേർപ്പെടാൻ നടപടികൾ സ്വീകരിക്കുന്നതും മൊബൈൽ ഇൻസിനറേറ്റർ പ്രവർത്തനക്ഷമമാക്കാൻ തുടർനടപടി സ്വീകരിക്കുന്നതുമാണ്. മൊബൈൽ ഇൻസിനറേറ്ററിന്റെ ഉടമസ്ഥാവകാശം മാറ്റുന്നതിനും ഇൻഷ്വറൻസ് എടുക്കുന്നതിനുളള നടപടികൾ ശുചിത്വമിഷൻ കൈക്കൊണ്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| ബി) | ഉണ്ടെങ്കിൽ അതിന്റെ പ്രവർത്തനം പുനരാരംഭിക്കാൻ നടപടി സ്വീകരിക്കുമോ ; | ബി) | നടപടി സ്വീകരിച്ചിട്ടുണ്ട്. |
| സി) | സാധാരണ മാർഗ്ഗങ്ങളുപയോഗിച്ച് നിർമ്മാർജ്ജനം ചെയ്യാനാവാത്ത മാലിന്യങ്ങൾ മാത്രം പ്രസ്തുത സംവിധാനമുപയോഗിച്ച് നിർമ്മാർജ്ജനം ചെയ്യാൻ നിർദ്ദേശം നൽകുമോ; വ്യക്തമാക്കുമോ? | സി) | 2000 ലെ Municipal Solid Waste(Handling & Management Rule) ൽ അനുശാസിക്കുന്ന തരത്തിലുള്ള എല്ലാതരം മാലിന്യവും സംസ്കരണം നടത്തുന്നതിന് പ്രത്യേക സാഹചര്യം കണക്കിലെടുത്ത് മൊബൈൽ ഇൻസിനറേറ്റർ ഉപയോഗപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്. മാലിന്യസംസ്കരണത്തിലൂടെ ഉണ്ടാകുന്ന വായു സംസ്കരിക്കാനും നിയമം അനുശാസിക്കുന്ന തരത്തിൽ പ്രവർത്തിപ്പിക്കാനുമാണ് നടപടി എടുത്തിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ